# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്-പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പ്രത്യേക പദ്ധതി - ആലപ്പുഴ ജില്ലയിലെ വിവിധ പ്രവൃത്തികൾക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ(സാ.ധാ) നം.3172/2015/ധന തിരുവനന്തപുരം,തീയതി 30.03.2015.

---

പരാമർശം: 1. 30.03.2013 ലെ സ.ഉ.(പി)നം.144/2013/ധന ഉത്തരവ് .

2. ആലപ്പുഴ ജില്ലാ ത.സ്വ.ഭ.വ. എക്സിക്യൂട്ടിവ് എൻജിനീയറുടെ 17.03.2015 ലെ ഡി.5-476/2015 നം. കത്ത്.

3. സർക്കുലർ നം.43/2014/ധന തീയതി 17.05.2014.

4. 20.06.2014 ലെ സ.ഉ.(പി) നം.233/2014/ധന ഉത്തരവ്.

### ഉത്തരവ്

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശികമായി ആവശ്യമുള്ള ചെറുകിട പ്രവൃത്തികൾ തദ്ദേശതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കുവാനുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ നടപ്പ് സാമ്പത്തിക വർഷത്തെ(2014-15) ബജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ സൂചന(1)പ്രകാരം പുറപ്പെടുവിക്കുകയുമുണ്ടായി.

ഈ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമ പഞ്ചായത്തിലെ ആരാധനാമഠം മുതൽ മേരിമാതാ എൽ.പി.സ്കൂൾ, പുന്നക്കുളം വരെ റോഡ് കോൺക്രീറ്റിംഗ്(രണ്ടാംഘട്ടം),ചേന്നോത്തു പാലം മുതൽ കിഴക്കോട്ടുള്ള റോഡ് മെറ്റലിംഗും ടാറിംഗും എന്നീ പ്രവൃത്തികൾക്ക് തുക അനുവദിക്കണമെന്ന് ജില്ലാ തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടിവ് എൻജിനീയർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ താഴെപ്പറയുന്ന പ്രവൃത്തികൾ പ്രാദേശിക മുൻഗണനാ പദ്ധതിയിലുൾപ്പെടുത്തി പരാമർശം (1) ലെ നിബന്ധനകൾക്ക വിധേയമായി നടപ്പാക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/മുൻസിപ്പാലിറ്റി സെക്രട്ടറിമാരെ ചുമതലപ്പെടുത്തുവാനും ബജറ്റിൽ '4515-00-800-97' പ്രാദേശികമായ മുൻഗണനാ പ്രവൃത്തി(നോൺപ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ആകെ 15 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് പരാമർശം (3) പ്രകാരം ബിൽ തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയർ സ്വീകരിക്കേണ്ടതാണ്.

**ആലപ്പുഴ**

| നം | പ്രവൃത്തി | പഞ്ചായത്ത് /മുൻസിപ്പാലിറ്റി. | അംഗീകരിച്ച തുക. (രൂപ) |
|---|---|---|---|
| 1 | ആരാധനാമഠം മുതൽ മേരിമാതാ എൽ.പി.സ്കൂൾ, പുന്നക്കുളം വരെ റോഡ് കോൺക്രീറ്റിംഗ്(രണ്ടാംഘട്ടം), ചേന്നോത്തു പാലം മുതൽ കിഴക്കോട്ടുള്ള റോഡ് മെറ്റലിംഗും ടാറിംഗും | ചമ്പക്കുളംപഞ്ചായത്ത്. | 15,00,000 |
| | | ആകെ | 15,00,000/- |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എസ്.വി.കല**

**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് എൻജിനീയർ, തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗം. ആലപ്പുഴ.
5. ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ
6. പ്രസിഡന്റ് / സെക്രട്ടറി ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി, ആലപ്പുഴ
7. നോഡൽ ഓഫീസർ www.finance.kerala.gov.in.
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**